"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ തെൻമല ഗ്രാമപഞ്ചായത്തിൽ ശ്രീസലിം, സുനിമൻസിൽ, ഇടമൺ- ന് ലൈഫ് ഭവനപദ്ധതി പ്രകാരം ധന സഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

G.O.(Rt)No.336/2023/LSGD തീയതി,തിരുവനന്തപുരം, 04-02-2023

---

പരാമർശം:-
1. തെന്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്-ന്റെ 25/10/2022 ലെ കത്ത്
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷന്റെ 06/01/2023 ലെ 4446/സി.സി/2019/ലൈഫ്(1) നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09/01/2023 തീയതിയിലെ യോഗ തീരുമാനം(4.12)

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തെൻമല ഗ്രാമപഞ്ചായത്തിൽ ശ്രീ.സലിം, സുനിമൻസിൽ, ഇടമൺലൈഫ് ഭവനപദ്ധതിയിലെ ഭൂരഹിത ഭവനരഹിത പദ്ധതിയിൽ ഉൾപ്പെട്ട ആളാണ്. അർഹതാ പരിശോധനസമയത്ത് ശ്രീ.സലീം ഭൂരിഹിത ഭവനരഹിതനായിരുന്നു. ശ്രീ സലീമിന് 19.03.2020 ൽ 12ആർ ഭൂമി ഗ്രാമപഞ്ചായത്തിൽ നിന്ന് വാങ്ങി നൽകിയിരുന്നു. എന്നാൽ ഈ വസ്തു വാങ്ങുന്നതിനു മുമ്പ് കുടുംബ റേഷൻ കാർഡിൽ ഉൾപ്പെട്ട ഇയാളുടെ മകനായ ശ്രീ.സലീലിൻ വിലകൊടുത്ത് 4.36 ആർ വസ്തു സ്വന്തമായി വാങ്ങി. ലൈഫ് ഭവന പദ്ധതിയുടെ മാനദണ്ഡപ്രകാരം ഒരു വ്യക്തിക്കോ അയാളുടെ കുടുംബത്തിലെ റേഷൻ കാർഡിൽ ഉൾപ്പെട്ടുവരുന്ന മറ്റു കുടംബാംഗങ്ങൾക്കോ ഭൂമിയുള്ള പക്ഷം ആനുകൂല്യം നൽകാൻ പാടില്ല. ഈ സാഹചര്യത്തിൽ ഈ വ്യക്തിക്ക് വസ്തു വാങ്ങി നൽകിയ നടപടി അംഗീകരിക്കാവുന്നതാണോ എന്നും ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകാവുന്നതാണോ എന്നും സുഷ്ടീകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം തെന്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയും, ലൈഫ് മിഷന്റെ ആനുകൂല്യത്തിന് അർഹതയുള്ള കുടുംബമായതിനാൽ തെന്മല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്-ന്റ് അപേക്ഷ പരാമർശം (2) പ്രകാരം ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്യുകയും ചെയ്തു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09/01/2023 ലെ

യോഗം ഈ വിഷയം പരിശോധിച്ചു. കൊല്ലം ജില്ലയിലെ തെൻമല ഗ്രാമപഞ്ചായത്തിൽ ശ്രീ.സലിം, സുനിമൻസിൽ, ഇടമൺ- ന് ലൈഫ് ഭവനപദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ധന സഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANIL KUMAR G

ADDITIONAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ(റൂറൽ),തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ശ്രീ.സലിം, സുനിമൻസിൽ, ഇടമൺ തെൻമല, കൊല്ലം
പ്രസിഡന്റ്, തെന്മല ഗ്രാമപഞ്ചാടത്ത്, കൊല്ലം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഡി എ) വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba S C
Date: 04-02-2023 17:05:20

സെക്ഷൻ ഓഫീസർ